333|പ|18

# തദ്ദേശ സ്വയംഭരണ വകുപ്പ് ചീഫ് എഞ്ചിനീയറുടെ കാര്യാലയം

## ചീഫ് എഞ്ചിനീയറുടെ നടപടിക്രമം

(ഹാജർ. ശ്രീ. പി.ആർ. സജികുമാർ)

വിഷയം : തസ്വഭവ - സാങ്കേതിക വിഭാഗം - ജീവനക്കാര്യം - ടൈപ്പിസ്റ്റ് തസ്തികയിലെ കേഡർ സ്റ്റെങ്ങ്ത് നിജപ്പെടുത്തിയ ഉത്തരവിന് ഭേദഗതി വരുത്തി ഉത്തരവാകുന്നു.

പരാമർശം : 1) സ.ഉ(പി) നം. 7/2016/ഫിൻ തീയതി 20.01.2016
2) ഈ ഓഫീസിലെ 24.10.2018-ലെ ഇതേ നമ്പർ ഉത്തരവ്

## ഉത്തരവ് നം . എ2-4595/2014/സിഇ/തസ്വഭവ തീയതി. 05.12.2018

പരാമർശം (2) ഉത്തരവ് പ്രകാരം ഈ വകുപ്പിലെ 149 അംഗീകൃത ടൈപ്പിസ്റ്റ് തസ്തികകൾ പരാമർശം (2) സർക്കാർ ഉത്തരവിലെ നിർദ്ദേശമനുസരിച്ച് 1:1:1:1 അനുപാതത്തിൽ വിന്യസിച്ചിരുന്നു. ടി ഉത്തരവിൽ ജില്ലാപഞ്ചായത്തുകളിലെ നിലവിലുള്ള രണ്ട് ടൈപ്പിസ്റ്റ് തസ്തികകൾ സെലക്ഷൻ ഗ്രേഡ് ടൈപ്പിസ്റ്റ്, സീനിയർ ഗ്രേഡ് ടൈപ്പിസ്റ്റ് എന്നീ തസ്തികകളാക്കിക്കൊണ്ടും, ജില്ലകളിലെ നിർണ്ണയിക്കപ്പെട്ടിട്ടുള്ള ബാക്കിയുള്ള എണ്ണം തസ്തികകൾ ഏറ്റവും കൂടുതൽ പഞ്ചായത്തുകൾ ഉള്ള ബ്ലോക്കുപഞ്ചായത്തുകൾ തിരിച്ച് നിർണ്ണയിക്കുകയും ചെയ്തിരുന്നു. പക്ഷെ ഇങ്ങനെ നിർണ്ണയിച്ചതിൽ വയനാട് ജില്ലയിലെ ഏറ്റവും കൂടുതൽ പഞ്ചായത്തുകൾ ഉൾപ്പെട്ട ബ്ലോക്ക്പഞ്ചായത്തായ കൽപ്പറ്റ ബ്ലോക്ക്പഞ്ചായത്തിന് പകരം പനമരം ബ്ലോക്ക്പഞ്ചായത്തിലാണ് എൽ.ഡി / യു.ഡി ടൈപ്പിസ്റ്റ് തസ്തിക നിർണ്ണയിച്ചിരുന്നത്. ടി നടപടി റദ്ദാക്കി പനമരം ബ്ലോക്ക്പഞ്ചായത്തിൽ നിലവിലുള്ള എൽ.ഡി / യു.ഡി ടൈപ്പിസ്റ്റ് തസ്തിക കൽപ്പറ്റ ബ്ലോക്ക്പഞ്ചായത്തിലേയ്ക്ക് മാറ്റി നിർണ്ണയിച്ച് ഇതിനാൽ ഉത്തരവാകുന്നു.

ഒപ്പ്
**ചീഫ് എഞ്ചിനീയർ**

അംഗീകാരത്തോടെ,

**സീനിയർ സൂപ്രണ്ട്**
(അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റിന്റെ പൂർണ്ണ അധിക ചുമതല)

P 1569